**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2381** **07.10.2016 ൽ മറുപടിയ്ക്ക്**

**"വിഷരഹിത പച്ചക്കറി"**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. അടൂർ പ്രകാശ് | | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ വിവിധ ബ്ലോക്കുകളിൽ നല്ല കൃഷിമുറകൾ പാലിച്ച് പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി 292 ഓളം ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ജൈവ ഉൽപന്നങ്ങൾ സംഭരിച്ച് പാക്ക് ചെയ്ത് വിൽപന നടത്തുന്നതിലേയ്ക്ക് ധനസഹായവും നൽകുന്നുണ്ട്. ഇത്തരം 152 ക്ലസ്റ്ററുകൾ കൂടി ഈ സാമ്പത്തിക വർഷം പുതുതായി രൂപീകരിക്കുവാനും ഉൽപന്നങ്ങൾ ഇക്കോ ഷോപ്പ് മുഖേന വിപണനം നടത്തുന്നതിന് ഇൻസെന്റീവ് നൽകുന്നതിനും, നിലവിലുള്ള 45 ഇക്കോഷോപ്പുകൾക്കു പുറമേ പുതുതായി 15 എണ്ണം കൂടി സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.<br>ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജകമണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയ്ക്ക് നിലവിൽ നൽകി വരുന്ന അവാർഡ് തുക വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന പച്ചക്കറിയിലും ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറിയിലുമുള്ള രാസവസ്തുക്കൾ പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; വ്യക്തമാക്കുമോ; | (ബി) | വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ പച്ചക്കറിയിലെ രാസവസ്തുക്കൾ പരിശോധിക്കുന്നുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പിനു കീഴിൽ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിലും പരിശോധനാ സംവിധാനം നിലവിലുണ്ട്. |
| (സി) | പച്ചക്കറി പരിശോധനയ്ക്കായി കൃഷി വകുപ്പിൽ മൊബൈൽ ലബോറട്ടറി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഭക്ഷ്യ സുരക്ഷാ വകുപ്പിനു കീഴിൽ ഒരു മൊബൈൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഒരു യൂണിറ്റ് കൂടി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രവൃത്തികൾ അന്തിമഘട്ടത്തിലുമാണ് |

**സെക്ഷൻ ഓഫീസർ**